**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4176** **18-07-2022 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. നഷ്ടപരിഹാര തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2022 മെയ് 31 വരെ ജി.എസ്.ടി. നഷ്ടപരിഹാര തുകയായി എത്ര രൂപ ലഭിച്ചിട്ടുണ്ടെന്നും എത്ര രൂപ കുടിശ്ശികയുണ്ടെന്നും അറിയിക്കാമോ; | (എ) | 2017–18 മുതൽ 2022-23 മെയ് 31 വരെ സംസ്ഥാനത്തിന് ലഭ്യമാക്കേണ്ട ജി.എസ്.ടി. നഷ്ടപരിഹാര തുകയുടേയും, ലഭിച്ച നഷ്ടപരിഹാര തുകയുടേയും ബാക്കി ലഭിക്കാനുള്ള തുകയുടേയും വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ജി.എസ്.ടി നഷ്ടപരിഹാരത്തുക ലഭിക്കാനുണ്ടെങ്കിൽ അത് ലഭ്യമാക്കാൻ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്തിന് നഷ്ടപരിഹാരമായി 2017–18 ൽ 57.32 കോടി രൂപയും, 2018–19 ൽ 25.79 കോടി രൂപയും, 2020-21 ൽ 12.53 കോടി രൂപയും ലഭിക്കാനുണ്ട്. 2019–20 ൽ 11.40 കോടി രൂപ അധികം ലഭിച്ചിട്ടുണ്ട്. 2021-2022 സാമ്പത്തിക വർഷം സംസ്ഥാനത്തിന് ലഭിക്കുവാനുള്ള നഷ്ടപരിഹാരം പൂർണ്ണമായും ലഭിച്ചിട്ടുണ്ട്. 2022-23 (ഏപ്രിൽ - മെയ്) വരെ 820.16 കോടി രൂപ ബാക്കി ലഭിക്കുവാനുണ്ട്.<br><br>അക്കൗണ്ടന്റ് ജനറൽ, കേരള സമർപ്പിക്കുന്ന അന്തിമ കണക്കുകൾ പ്രകാരമാണ് കേന്ദ്ര ഗവൺമെന്റിൽ നിന്നും കോമ്പൻസേഷന്റെ പൂർണ്ണമായ സെറ്റിൽമെന്റ് ലഭിക്കുന്നത്.<br><br>ജി.എസ്.ടി. നഷ്ടപരിഹാരം സമയബന്ധിതമായി നൽകണം എന്ന ആവശ്യം കേരളം ഉൾപ്പെടെയുള്ള പല സംസ്ഥാനങ്ങളും ജി.എസ്.ടി. കൗൺസിലിൽ ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

2017-18 മുതൽ 2022-23 മെയ് 31 വരെ സംസ്ഥാനത്തിന് ലഭ്യമാക്കേണ്ട ജി.എസ്.ടി. നഷ്ടപരിഹാര തുകയുടേയും, ലഭിച്ച നഷ്ടപരിഹാര തുകയുടേയും ബാക്കി ലഭിക്കാനുള്ള തുകയുടേയും വിവരം

| Financial Year | Compensation Receivable (Cr.) | Compensation Received (Cr.) | Balance Compensation Receivable (Cr.) |
|---|---|---|---|
| 2017–18 | 2159.32 | 2102.00 | 57.32 |
| 2018–19 | 3557.79 | 3532.00 | 25.79 |
| 2019–20 | 8099.60 | 8111.00 | -11.40 |
| 2020-21 | 12841.49 | 12828.96 | 12.53 |
| 2021-22 | 12850.39 | 12850.39 | 0.00 |
| 2022-23 (മെയ് 31 വരെ) | 2402.08 | 1581.92 | 820.16 |

**സെക്ഷൻ ഓഫീസർ**